**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4069** **15-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയെ ആധുനികീകരിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അമൃത് രണ്ടാംഘട്ടം പ്രകാരം തിരുവനന്തപുരം നഗരസഭയിലെ ഏതെല്ലാം വാർഡുകളിലാണ് സീവറേജ് സംവിധാനം സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അമൃത് രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം നഗരസഭയിലെ മെഡിക്കൽകോളേജ്, ആക്കുളം, ചെറുവയ്ക്കൽ, ശ്രീകാര്യം, കുളത്തൂർ, അണമുഖം, ഉള്ളൂർ, നാലാഞ്ചിറ, കഴക്കൂട്ടം, ജഗതി, പി.ടി.പി. നഗർ, കാഞ്ഞിരംപാറ, പേരൂർക്കട, കവടിയാർ, വട്ടിയൂർക്കാവ്, മുട്ടട, പട്ടം, ശാസ്തമംഗലം എന്നീ വാർഡുകളിലാണ് സീവറേജ് സംവിധാനം സ്ഥാപിക്കുന്നത് |
| (ബി) | തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള പ്രധാന റോഡുകളുടെ പരിപാലനത്തിനുള്ള അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത റോഡുകൾക്കിരുവശവും കുടിവെള്ള വിതരണ ലൈനുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ ഇരുവശവും കുടിവെള്ളവിതരണ ലൈൻ സ്ഥാപിക്കുന്നതിനുള്ള വിഷയത്തിൽ അന്തിമതീരുമാനം ആയിട്ടില്ല. |
| (സി) | പ്രസ്തുത നഗരസഭയുടെ സോണൽ ഓഫീസുകൾ ആധുനിക രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നഗരസഭയുടെ സോണൽ ഓഫീസുകൾ ആധുനിക രീതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതിയ കെട്ടിടം ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കെട്ടിടം പണിയുന്നുണ്ട്. കൂടാതെ ഓഫീസിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ മാതൃകാ റോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാനറോഡുകൾ മാതൃകാറോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം നഗരസഭയിലെ 47 കിലോമീറ്റർ പ്രധാനറോഡുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ